# 085/2024-M

Maximum : 100 marks

Time : 1 മണിക്കൂർ 30 മിനിട്ട്

1. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രഥമ സമ്മേളനത്തിന്റെ അദ്ധ്യക്ഷൻ ആരായിരുന്നു?
   (A) എ.ഒ. ഹ്യൂം
   (B) ഡബ്ല്യൂ. സി. ബാനർജി
   (C) ദാദാഭായ് നവറോജി
   (D) ഫിറോസ് ഷാ മേത്ത

2. സർവ്വേന്ത്യ മുസ്ലീം ലീഗ് രൂപീകരിച്ച സ്ഥലം :
   (A) ബോംബെ
   (B) കൽക്കട്ട
   (C) ധാക്ക
   (D) ലാഹോർ

3. 1905-ൽ ബംഗാളിനെ രണ്ടായി വിഭജിച്ച വൈസ്രോയി ആരായിരുന്നു?
   (A) കഴ്സൺ പ്രഭു
   (B) വില്ല്യം ബെന്റിക് പ്രഭു
   (C) കോൺവാലിസ് പ്രഭു
   (D) ലിട്ടൺ പ്രഭു

4. തീവ്ര ദേശീയതയുമായി ബന്ധപ്പെട്ട നേതാക്കന്മാർ ആരെല്ലാമായിരുന്നു?
   (i) ബാലഗംഗാധര തിലക്
   (ii) ദാദാഭായ് നവറോജി
   (iii) ലാലാ ലജ്പത് റായി
   (iv) ഗോപാലകൃഷ്ണ ഗോഖലെ
   (A) (i), (iv)
   (B) (ii), (iii)
   (C) (i), (iii)
   (D) (iii), (iv)

5. ഇന്ത്യൻ നവോത്ഥാനത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത് ആരാണ്?
   (A) ശ്രീനാരായണ ഗുരു
   (B) സ്വാമി ദയാനന്ദ സരസ്വതി
   (C) സ്വാമി വിവേകാനന്ദൻ
   (D) രാജാറാം മോഹൻ റോയ്

6. ഇന്ത്യയുടെ പ്രഥമ പ്രസിഡന്റ് ആരാണ്?
   (A) ഡോ. രാജേന്ദ്ര പ്രസാദ്
   (B) സർദാർ വല്ലഭായ് പട്ടേൽ
   (C) ഡോ. എസ്. രാധാകൃഷ്ണൻ
   (D) ഗുൽസരിലാൽ നന്ദ

7. ഇന്ത്യയുടെ ഭരണഘടനാ ദിനമായി ആചരിക്കുന്നത് എന്നാണ്?
   (A) ജനുവരി 26
   (B) ഡിസംബർ 9
   (C) ആഗസ്റ്റ് 12
   (D) നവംബർ 26

8. താഴെ തന്നിരിക്കുന്നവയിൽ ഇന്ത്യൻ ഭരണഘടനയുടെ സവിശേഷതകളിൽ ഉൾപ്പെടാത്തത് ഏത്?
   (A) എഴുതപ്പെട്ട ഭരണഘടന
   (B) പ്രസിഡൻഷ്യൽ സമ്പ്രദായം
   (C) മൗലിക അവകാശങ്ങൾ
   (D) സ്വതന്ത്ര നീതിന്യായ വ്യവസ്ഥ

9. താഴെ തന്നിരിക്കുന്നവയിൽ എഴുതപ്പെട്ട ഭരണഘടന നിലവിലുള്ള രാജ്യം ഏത്?
   (i) ഇന്ത്യ
   (ii) ബ്രിട്ടൺ
   (iii) ഇസ്രായേൽ
   (iv) അമേരിക്കൻ ഐക്യനാടുകൾ
   (A) (ii), (iv)
   (B) (i), (iii)
   (C) (i), (iv)
   (D) (ii), (iii)

10. താഴെ തന്നിരിക്കുന്നവയിൽ മൗലിക അവകാശങ്ങളിൽ പെടാത്തത് ഏത്?
   (A) മതസ്വാതന്ത്ര്യത്തിനുള്ള അവകാശം
   (B) സമത്വത്തിനുള്ള അവകാശം
   (C) ചൂഷണത്തിന് എതിരായുള്ള അവകാശം
   (D) സ്വത്ത് സമ്പാദിക്കാനുള്ള അവകാശം

11. പയ്യന്നൂരിൽ ഉപ്പു സത്യാഗ്രഹത്തിന് നേതൃത്വം നൽകിയത് ആര്?
   (A) പി. കൃഷ്ണപിള്ള
   (B) കെ. കേളപ്പൻ
   (C) മുഹമ്മദ് അബ്ദു റഹ്മാൻ
   (D) കെ. മാധവൻ നായർ

12. 'സമത്വ സമൂഹ സൃഷ്ടി' എന്ന ലക്ഷ്യത്തോടെ 'അയിത്തോച്ചാടനം' സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിന്റെ ഭാഗമായി മാറ്റിയ കേരളത്തിലെ പ്രക്ഷോഭം :
   (A) ഉപ്പ് സത്യാഗ്രഹം
   (B) മലബാർ കലാപം
   (C) പുന്നപ്ര വയലാർ സമരം
   (D) ഗുരുവായൂർ സത്യാഗ്രഹം

13. 'മനുഷ്യത്വമാണ് മനുഷ്യന്റെ ജാതി' എന്ന് പ്രഖ്യാപിച്ചത് ആരാണ്?
   (A) ശ്രീനാരായണ ഗുരു
   (B) ചട്ടമ്പി സ്വാമികൾ
   (C) വൈകുണ്ഠ സ്വാമികൾ
   (D) അയ്യങ്കാളി

14. 'പ്രാചീന മലയാളം' എന്ന കൃതി രചിച്ചത് ആര്?
   (A) വാഗ്ഭടാനന്ദൻ
   (B) ചട്ടമ്പി സ്വാമികൾ
   (C) ശ്രീനാരായണ ഗുരു
   (D) കുമാരഗുരുദേവൻ

15. സുഭാഷ് ചന്ദ്രബോസിന്റെ സമരങ്ങളിൽ ആകൃഷ്ടനായി INA യിൽ ചേർന്ന മലയാളി :
   (A) ഇ. മൊയ്തുമൗലവി
   (B) വക്കം അബ്ദുൾ ഖാദർ
   (C) മുഹമ്മദ് അബ്ദുൾ റഹ്മാൻ
   (D) കുഞ്ഞഹമ്മദ് ഹാജി

16. മനുഷ്യനെ ബഹിരാകാശത്ത് എത്തിക്കുന്നതിനായുള്ള ഇന്ത്യയുടെ പദ്ധതി :
(A) ആദിത്യ L1 (B) മംഗൾയാൻ
(C) ഗഗൻയാൻ (D) ചന്ദ്രയാൻ-3

17. 2023-ലെ വനിതാ ലോകക്കപ്പ് ഫുട്ബോൾ കിരീടം നേടിയ രാജ്യം :
(A) സ്പെയിൻ (B) അർജ്ജന്റീന
(C) ജർമ്മനി (D) പോർച്ചുഗൽ

18. സുഭാഷ് ചന്ദ്രബോസ് രൂപം നൽകിയ രാഷ്ട്രീയ പാർട്ടി ഏത്?
(A) ഇന്ത്യൻ നാഷണൽ ആർമി (B) സത്യശോധക് സമാജ്
(C) അഭിനവ് ഭാരത് സൊസൈറ്റി (D) ഫോർവേഡ് ബ്ലോക്ക്

19. മലബാർ കലാപം ഉണ്ടാകുവാനുള്ള കാരണം അന്വേഷിക്കാൻ രൂപീകരിച്ച കമ്മീഷൻ ഏത്?
(A) ലക്ഷ്മണ സ്വാമി മുതലിയാർ കമ്മീഷൻ (B) വില്ല്യം ലോഗൻ കമ്മീഷൻ
(C) ഹണ്ടർ കമ്മീഷൻ (D) കോത്താരി കമ്മീഷൻ

20. 'നാട്ടുരാജ്യങ്ങളുടെ സംയോജനം' എന്ന ദൌത്യം ഏറ്റെടുത്ത സർദാർ വല്ലഭായ് പട്ടേൽ തന്റെ സെക്രട്ടറിയായി നിയമിച്ച കേരളീയൻ ആര്?
(A) പട്ടം താണുപിള്ള (B) വി.പി. മേനോൻ
(C) ഫസൽ അലി (D) സി. ശങ്കരൻ നായർ

21. ഒന്നാം പഞ്ചവത്സര പദ്ധതിയിൽ പ്രാധാന്യം നൽകിയത് ഏത് മേഖലയ്ക്കാണ്?
(A) കാർഷിക മേഖല (B) സേവന മേഖല
(C) വ്യവസായ മേഖല (D) ഇതൊന്നുമല്ല

22. ഇന്ത്യയുടെ വിദേശനയത്തിന്റെ ശില്പി ആര്?
(A) മഹാത്മാഗാന്ധി (B) ഡോ. ബി.ആർ. അംബേദ്കർ
(C) ജവഹർലാൽ നെഹ്റു (D) ആനി ബസന്റ്

23. റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഗവർണ്ണർ ആയി ഇപ്പോൾ സേവനം അനുഷ്ഠിക്കുന്നത് ആര്?
(A) ഉർജിത് പട്ടേൽ (B) ആന്റോണിയോ ഗട്ടേഴ്സ്
(C) ഡി.വൈ. ചന്ദ്രചൂഡ് (D) ശക്തികാന്ത ദാസ്

24. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ അദ്ധ്യക്ഷൻ ആരാണ്?
(A) അരുൺ കുമാർ മിശ്ര (B) എസ്. മണികുമാർ
(C) രാജീവ് ജെയിൻ (D) രംഗനാഥ് മിശ്ര

25. ഇന്ത്യയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടിയായ മൌണ്ട് K2 അഥവാ ഗോഡ്വിൻ ഓസ്റ്റിൻ സ്ഥിതിചെയ്യുന്നത് ഏത് പർവ്വതനിരകളിലാണ്?

(A) സിവാലിക്ക്
(B) ഹിമാചൽ
(C) ഹിമാദ്രി
(D) കാറക്കോറം

26. ധാതുക്കളുടെ കലവറ എന്ന് വിളിക്കുന്ന ഭൂപ്രകൃതി വിഭാഗമേത്?

(A) ഉത്തരമഹാസമതലം
(B) ഉപദ്വീപീയ പീഠഭൂമി
(C) ഹിമാലയ പർവ്വതം
(D) തീരസമതലങ്ങൾ

27. ചുവടെ ചേർത്തിട്ടുള്ളതിൽ കാവേരി നദിയുടെ പോഷകനദിയേത്?

(A) ഇന്ദ്രാവതി
(B) കബനി
(C) ശബരി
(D) ഭീമ

28. ഇന്ത്യയേയും പാക്കിസ്ഥാനെയും തമ്മിൽ വേർതിരിക്കുന്ന അതിർത്തി രേഖ :

(A) റാഡ്ക്ലിഫ് രേഖ
(B) മക്മോഹൻ രേഖ
(C) ഡ്യൂറന്റ് രേഖ
(D) ഗ്രീൻവിച്ച് രേഖ

29. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കടൽത്തീരമുള്ള സംസ്ഥാനം :

(A) കർണ്ണാടക
(B) ഗുജറാത്ത്
(C) മഹാരാഷ്ട്ര
(D) ഗോവ

30. തെക്കേ ഇന്ത്യയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി :

(A) എവറസ്റ്റ്
(B) ആനമുടി
(C) നന്ദാദേവി
(D) കാഞ്ചൻജംഗ

31. കേരളത്തിലെ ഏറ്റവും ആഴം കൂടിയ തുറമുഖം :

(A) കൊച്ചി
(B) നീണ്ടകര
(C) വിഴിഞ്ഞം
(D) കായംകുളം

32. പെരിങ്ങൽകുത്ത് ജലവൈദ്യുത പദ്ധതി ഏത് നദിയിലാണ്?

(A) ചാലക്കുടിപ്പുഴ
(B) മുതിരപ്പുഴ
(C) കുറ്റ്യാടിപ്പുഴ
(D) മണലിപ്പുഴ

33. കേരളത്തിലെ ഏറ്റവും ചെറിയ ദേശീയോദ്യാനം :

(A) ഇരവികുളം
(B) പാമ്പാടുംചോല
(C) മതികെട്ടാൻചോല
(D) ആനമുടിചോല

34. കേരളത്തിലെ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി :
   (A) എ.കെ. ശശീന്ദ്രൻ (B) എം.ബി. രാജേഷ്
   (C) ജി.ആർ. അനിൽ (D) കെ.എൻ. ബാലഗോപാൽ

35. കേരളത്തിലെ ഏറ്റവും വലിയ ശുദ്ധജല തടാകം :
   (A) വേമ്പനാട്ടു കായൽ (B) അഷ്ടമുടിക്കായൽ
   (C) ശാസ്താംകോട്ട കായൽ (D) വെള്ളായണിക്കായൽ

36. കണ്ടൽക്കാടുകളിൽ സ്ഥിതിചെയ്യുന്ന കേരളത്തിലെ ഏക പക്ഷിസങ്കേതം :
   (A) മംഗളവനം (B) തട്ടേക്കാട്
   (C) കുമരകം (D) കടലുണ്ടി

37. കേരളത്തിൽ ഏറ്റവും കൂടുതൽ നാഷണൽ പാർക്കുകൾ ഉള്ളത് ഏത് ജില്ലയിലാണ്?
   (A) വയനാട് (B) എറണാകുളം
   (C) ഇടുക്കി (D) കോട്ടയം

38. ഐക്യരാഷ്ട്ര സംഘടനയുടെ 'ചാമ്പ്യൻസ് ഓഫ് എർത്ത്' പുരസ്ക്കാരത്തിന് അർഹമായ വിമാനത്താവളം :
   (A) കണ്ണൂർ (B) കോഴിക്കോട്
   (C) നെടുമ്പാശ്ശേരി (D) തിരുവനന്തപുരം

39. കേരളത്തിലെ ആദ്യത്തെ കാർബൺ ന്യൂട്രൽ പഞ്ചായത്തായി തെരഞ്ഞെടുത്തത് ഏതാണ്?
   (A) മീനങ്ങാടി (B) അമ്പലവയൽ
   (C) മേപ്പാടി (D) തിരുനെല്ലി

40. മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ സോഷ്യൽ ഓഡിറ്റിങ്ങിൽ ഇന്ത്യയിൽ ഒന്നാമതെത്തിയ സംസ്ഥാനം :
   (A) ഒഡീഷ (B) ബീഹാർ
   (C) മഹാരാഷ്ട്ര (D) കേരളം

41. 2023-ലെ വയലാർ അവാർഡ് നേടിയ 'ജീവിതം ഒരു പെൻഡുലം' എന്ന കൃതി രചിച്ചത് ആര്?
   (A) ശ്രീകുമാരൻ തമ്പി (B) ബെന്യാമിൻ
   (C) എസ്. ഹരീഷ് (D) കെ.ആർ. മീര

42. ശാസ്ത്രലോകത്ത് ഇന്ത്യയുടെ അഭിമാനമായ ചന്ദ്രയാൻ-3 വിക്ഷേപിച്ച തീയതി :
   (A) ജൂൺ 20, 2023 (B) ജൂലൈ 20, 2023
   (C) ജൂൺ 14, 2023 (D) ജൂലൈ 14, 2023

43. മെയ് 17 കേരളത്തിൽ സ്ത്രീശാക്തീകരണത്തിന് വേണ്ടി പ്രവർത്തിക്കുന്ന ഏത് സംഘടനയുടെ ദിനമായിട്ടാണ് ആചരിക്കുന്നത്?

(A) കുടുംബശ്രീ (B) ഹരിതകർമ്മസേന
(C) സഹജ (D) മിത്ര

44. യുനസ്കോ സാഹിത്യ നഗര പദവിയുമായി ബന്ധപ്പെട്ട് ഈയിടെ വാർത്തകളിൽ വന്ന കേരളത്തിലെ നഗരം :

(A) കൊച്ചി (B) കോഴിക്കോട്
(C) തിരുവനന്തപുരം (D) മലപ്പുറം

45. അമേരിക്കയിലെ മൈക്രോൺ ടെക്നോളജി താഴെ പറയുന്നവയിൽ ഏത് ഇന്ത്യൻ സംസ്ഥാനത്താണ് സെമി കണ്ടക്ടർ പ്ലാന്റ് നിർമ്മിക്കുന്നത്?

(A) രാജസ്ഥാൻ (B) മദ്ധ്യപ്രദേശ്
(C) ഗുജറാത്ത് (D) കർണ്ണാടക

46. താഴെ പറയുന്നവയിൽ ചന്ദ്രയാൻ-3 യുടെ വിക്ഷേപണവുമായി ബന്ധമുള്ള ശരിയായ പ്രസ്താവന കണ്ടെത്തുക :

(i) വിക്ഷേപണ സമയത്ത് ISRO ചെയർമാൻ കെ. ശിവൻ.
(ii) പ്രൊജക്ട് ഡയറക്ടർ വീരമുത്തുവേൽ.
(iii) വിക്ഷേപണ വാഹനം LV Mark 3.
(iv) വിക്ഷേപണ തീയ്യതി JULY 14, 2023

(A) എല്ലാം ശരി (B) (i), (ii), (iii) ശരി
(C) (i), (iii), (iv) ശരി (D) (ii), (iii), (iv) ശരി

47. 2016 ജൂൺ മാസത്തിൽ കേരള മുഖ്യമന്ത്രി ആരായിരുന്നു?

(A) പിണറായി വിജയൻ (B) ഉമ്മൻ ചാണ്ടി
(C) വി.എസ്. അച്യുതാനന്ദൻ (D) എ.കെ. ആന്റണി

48. താഴെ പറയുന്നവയിൽ പൊൻകുന്നം വർക്കിയുടെ ആത്മകഥ :

(A) എന്റെ വഴിത്തിരിവ് (B) എന്റെ കഥ
(C) ആത്മകഥ (D) എന്റെ വഴിയമ്പലങ്ങൾ

49. ഏകദിന ക്രിക്കറ്റ് മത്സരത്തിൽ ഒരു ഓവറിൽ 4 വിക്കറ്റ് നേടിയ ഇന്ത്യൻ ബൌളർ :

(A) മുഹമ്മദ് ഷമി (B) ഹാർദ്ക് പാണ്ഡ്യ
(C) മുഹമ്മദ് സിറാജ് (D) ജസ്പ്രീത് ബുംറ

50. 2023 -ൽ ഇന്ത്യയിൽ നടന്ന G-20 സമ്മേളനത്തിന്റെ ഇന്ത്യൻ ഷെർപ്പ ആരായിരുന്നു?

(A) ഉർജിത്ത് പട്ടേൽ (B) എസ്. ജയശങ്കർ
(C) ശശി തരൂർ (D) അമിതാബ് കാന്ത്

51. ആധുനിക സാമ്പത്തികശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത് ആര്?

(A) ആഡംസ്മിത്ത്
(B) ആൽഫ്രഡ് മാർഷൽ
(C) ലയണൽ റോബിൻസ്
(D) അമർത്യാസെൻ

52. 2023-ൽ നടന്ന ഏഷ്യൻ ഗെയിംസുമായി ബന്ധപ്പെട്ട് താഴെ നൽകിയിരിക്കുന്ന പ്രസ്താവന കളിൽ ശരിയായത് തെരഞ്ഞെടുക്കുക :

(i) ഇന്ത്യ നേടിയ മെഡലുകളുടെ ആകെ എണ്ണം 107.
(ii) ഏഷ്യൻ ഗെയിംസ് നടന്നത് ചൈനയിൽ
(iii) പുരുഷ ക്രിക്കറ്റിൽ ഇന്ത്യയ്ക്ക് സ്വർണ്ണ മെഡൽ ലഭിച്ചു.

(A) (i), (ii) മാത്രം ശരി
(B) (ii), (iii) ശരി
(C) (ii) മാത്രം ശരി
(D) എല്ലാം ശരി

53. നമ്മുടെ ശരീരത്തിലെ ഏത് അവയവത്തിൽ വെച്ചാണ് യൂറിയ നിർമ്മിക്കപ്പെടുന്നത്?

(A) കരൾ
(B) വൃക്ക
(C) പാൻക്രിയാസ്
(D) ശ്വാസകോശം

54. താഴെ തന്നിരിക്കുന്നവയിൽ മാംസ്യത്തിന്റെ അഭാവം മൂലം ഉണ്ടാകുന്ന രോഗം ഏതാണ്?

(A) സ്കർവി
(B) ഗോയിറ്റർ
(C) നിശാന്ധത
(D) ക്വാഷിയോർക്കർ

55. ചുവടെ തന്നിരിക്കുന്നവയിൽ കേരളത്തിലെ നാഷണൽ പാർക്ക് ഏതാണ്?

(A) പെരിയാർ
(B) സൈലന്റ് വാലി
(C) പേപ്പാറ
(D) വയനാട്

56. ചുവടെ കൊടുത്തിരിക്കുന്നവയിൽ അത്യുൽപാദനശേഷിയുള്ള സങ്കരയിനം തെങ്ങ് ഏതാണ്?

(A) അക്ഷയ
(B) ഹരിത
(C) ലക്ഷഗംഗ
(D) പവിത്ര

57. 2023-ലെ ലോക പരിസ്ഥിതിദിന സന്ദേശം, ഏത് മലിനീകരണത്തിനുള്ള പരിഹാരവുമായി ബന്ധപ്പെട്ടതാണ്?

(A) മണ്ണ് മലിനീകരണം
(B) ജല മലിനീകരണം
(C) പ്ലാസ്റ്റിക് മലിനീകരണം
(D) വായു മലിനീകരണം

58. രക്തജന്യ രോഗങ്ങളായ ഹീമോഫീലിയ, അരിവാൾ രോഗം, തലാസീമിയ തുടങ്ങിയവയുടെ സമഗ്ര ചികിത്സ ഉറപ്പാക്കാൻ കേരള ആരോഗ്യ വകുപ്പ് ആരംഭിച്ച പദ്ധതി ഏതാണ്?

(A) അശ്വമേധം
(B) താലോലം
(C) ആയുർദളം
(D) ആശാധാര

**59.** ഐക്യരാഷ്ട്രസഭയുടെ ഭക്ഷ്യകാർഷിക സംഘടന 2023-നെ ഏത് വിളകളുടെ വർഷമായാണ് പ്രഖ്യാപിച്ചത്?

(A) എണ്ണക്കുരുക്കൾ
(B) ചെറുധാന്യങ്ങൾ
(C) പയറുവർഗ്ഗങ്ങൾ
(D) പഴവർഗ്ഗങ്ങൾ

**60.** വിവിധയിനം മണ്ണിനങ്ങളുടെ pH താഴെത്തന്നിരിക്കുന്നു. ഇവയിൽ ഏത് മണ്ണിലാണ് കുമ്മായം ചേർക്കേണ്ടത്?

(A) 9
(B) 7
(C) 5
(D) 8

**61.** ചുവടെ നൽകിയിട്ടുള്ള ജോഡികളിൽ നിന്നും തെറ്റായി രേഖപ്പെടുത്തിയ ജോഡിയെ കണ്ടെത്തുക :

(i) അലുമിനിയം - ബോക്സൈറ്റ്
(ii) ഇരുമ്പ് - ക്രയോലൈറ്റ്
(iii) സിങ്ക് - കലാമിൻ
(iv) കോപ്പർ - കുപ്രൈറ്റ്

(A) (i)
(B) (ii)
(C) (iii)
(D) (iv)

**62.** ഒരു വൈദ്യുത ജനറേറ്റർ പ്രവർത്തിക്കുമ്പോൾ ഉണ്ടാകുന്ന ഊർജ്ജപരിവർത്തനം എന്ത്?

(A) വൈദ്യുതോർജ്ജം - പ്രകാശോർജ്ജം
(B) പ്രകാശോർജ്ജം - വൈദ്യുതോർജ്ജം
(C) വൈദ്യുതോർജ്ജം - യാന്ത്രികോർജ്ജം
(D) യാന്ത്രികോർജ്ജം - വൈദ്യുതോർജ്ജം

**63.** ആറ്റത്തിനുള്ളിൽ കാണപ്പെടുന്ന കണങ്ങളും അവയെ കണ്ടെത്തിയ ശാസ്ത്രജ്ഞന്മാരുടെ പേരുകളും നൽകിയിരിക്കുന്നു. ശരിയായ ജോഡി/ജോഡികൾ കണ്ടെത്തുക :

(i) ഇലക്ട്രോൺ - ജെ.ജെ. തോംസൺ
(ii) പ്രോട്ടോൺ - ഹെൻറി മോസ്ലി
(iii) ന്യൂട്രോൺ - ജെയിംസ് ചാഡ് വിക്ക്
(iv) പ്രോട്ടോൺ - ഏണസ്റ്റ് റൂഥർഫോർഡ്

(A) (i), (ii)
(B) (ii) മാത്രം
(C) (ii), (iii), (iv)
(D) (i), (iii), (iv)

64. താഴെത്തന്നിരിക്കുന്ന പ്രസ്താവനകളിൽ ഒരു സമതല ദർപ്പണത്തെ സംബന്ധിച്ച് ശരിയായവ ഏതെല്ലാം?

(i) വസ്തുവും ദർപ്പണവും തമ്മിലുള്ള അകലവും ദർപ്പണവും പ്രതിബിംബവും തമ്മിലുള്ള അകലവും തുല്യമാണ്.

(ii) വസ്തുവിന്റെ വലുപ്പം തന്നെയായിരിക്കും പ്രതിബിംബത്തിനും.

(iii) വസ്തുവിന്റെ യാഥാർത്ഥ പ്രതിബിംബം രൂപപ്പെടുന്നു

(A) (i) & (ii)
(B) (ii) & (iii)
(C) (i) & (iii)
(D) (i), (ii) & (iii)

65. ഇന്ത്യയുടെ ആദ്യ സൌരനിരീക്ഷണോപഗ്രഹമായ ആദിത്യ-L1 വിക്ഷേപിച്ചതെന്ന്?

(A) 2023 ജൂലൈ 2
(B) 2023 ആഗസ്റ്റ് 2
(C) 2023 സെപ്തംബർ 2
(D) 2023 ഒക്ടോബർ 2

66. 2023-ലെ സാഹിത്യത്തിനുള്ള നോബൽ സമ്മാനം നേടിയ ജോൺ ഫോസ്സേ ഏത് രാജ്യക്കാരനാണ്?

(A) സ്വീഡൻ
(B) ജർമ്മനി
(C) നോർവേ
(D) ഫ്രാൻസ്

67. മഞ്ഞപ്പിത്തം ബാധിക്കുന്ന ശരീര അവയവം :

(A) ഹൃദയം
(B) ശ്വാസകോശം
(C) തലച്ചോറ്
(D) കരൾ

68. മലമ്പനിക്ക് കാരണമായ രോഗകാരി :

(A) ബാക്ടീരിയ
(B) പ്ലാസ്മോഡിയം
(C) വൈറസ്
(D) മൈക്രോബാക്ടീരിയം ട്യൂബർകുലോസിസ്

69. ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ലഭ്യമല്ലാത്ത സേവനങ്ങൾ :

(A) പ്രതിരോധ കുത്തിവെപ്പ്
(B) ഡോക്ടറുടെ സേവനം
(C) സി.ടി. സ്കാൻ
(D) പാലിയേറ്റീവ് പരിചരണം

70. ലോക ഭക്ഷ്യ സുരക്ഷാ ദിനം :

(A) ജൂൺ 9
(B) മാർച്ച് 10
(C) ജൂൺ 7
(D) ഏപ്രിൽ 6

71. കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയുടെ ആസ്ഥാനം :

(A) തൃശ്ശൂർ
(B) എറണാകുളം
(C) തിരുവനന്തപുരം
(D) ആലപ്പുഴ

72. താഴെ പറയുന്നവയിൽ ജീവിത ശൈലി രോഗമല്ലാത്തത് :

(A) ഫാറ്റി ലിവർ
(B) ഹൃദയാഘാതം
(C) തൊണ്ടമുള്ള്
(D) അമിത രക്തസമ്മർദ്ദം

73. യോജകകലയെ ബാധിക്കുന്ന ക്യാൻസർ :

(A) സർക്കോമ
(B) കാർസിനോമ
(C) മാലിഗ്നന്റ് മെലനോമ
(D) ട്യൂമർ

74. സംസ്ഥാനത്തെ അംഗപരിമിതർക്ക് പ്രതിവർഷം ഒരു ലക്ഷം രൂപവരെ ആരോഗ്യ ഇൻഷുറൻസ് ലഭ്യമാക്കുന്ന പദ്ധതി :

(A) അതിജീവനം
(B) സ്നേഹയാനം
(C) നിരാമയ
(D) പ്രതീക്ഷ

75. കേരള സാമൂഹ്യ സുരക്ഷാ മിഷൻ നിലവിൽ വന്നത് :

(A) 2005
(B) 2006
(C) 2019
(D) 2008

76. "ബാക്ക് ടു ബേസിക്" ഏത് അസുഖവുമായി ബന്ധപ്പെട്ടതാണ്?

(A) ക്യാൻസർ
(B) കോറോണ വൈറസ്
(C) നിപ്പ
(D) കുരങ്ങുപനി

77. 2023-ൽ നാഷണൽ ഹെൽത്ത് കെയർ അവാർഡ് ലഭിച്ച കേരള സർക്കാർ പദ്ധതി :

(A) കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി
(B) മൃതസഞ്ജീവനി
(C) സമാശ്വാസം പദ്ധതി
(D) ക്യാൻസർ സുരക്ഷാപാത്രം

78. കൗമാരക്കാരിലെ ജീവിതശൈലി രോഗങ്ങൾ തുടക്കത്തിലെ കണ്ടെത്തി പരിഹരിക്കാൻ ഹയർ സെക്കന്ററി സ്കൂളുകൾ കേന്ദ്രീകരിച്ച് സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ആരോഗ്യ സർവ്വേ പദ്ധതി :

(A) റീച്ച്
(B) താലോലം
(C) സശ്രദ്ധം
(D) ആയുർദളം

79. ലോക ജന്തുരോഗ ദിനം :

(A) ജൂലൈ 6
(B) മാർച്ച് 3
(C) ജൂലൈ 12
(D) മാർച്ച് 8

80. ഇന്ത്യയുടെ ഇപ്പോഴത്തെ ആരോഗ്യവകുപ്പ് മന്ത്രി :

(A) ശ്രീ മൻസൂഖ് മാണ്ഡവ്യ
(B) വീണ ജോർജ്ജ്
(C) നിർമ്മലാ സീതാരാമൻ
(D) സ്മൃതി ഇറാനി

81. 0.99 നോട് എത്ര കൂട്ടിയാൽ 2 കിട്ടും?

(A) 1.001 (B) 1.01
(C) 0.01 (D) 0.1

82. മാർച്ച് ഒന്നാം തീയ്യതി തിങ്കളാഴ്ച ആയാൽ ആ മാസം എത്ര ചൊവ്വാഴ്ചകൾ കാണും?

(A) 3 (B) 4
(C) 5 (D) 6

83. 0, 1, 3, 6, 10 ആണെങ്കിൽ അടുത്ത സംഖ്യയേത്?

(A) 5 (B) 7
(C) 13 (D) 15

84. 25 നു മുമ്പ് എത്ര അഭാജ്യ സംഖ്യകളുണ്ട്?

(A) 5 (B) 9
(C) 10 (D) 7

85. $\sqrt{0.0049}$ എത്ര?

(A) 0.7 (B) 7
(C) 0.07 (D) 0.007

86. സെക്കന്റിൽ 12½ മീറ്റർ വേഗതയിൽ ഓടുന്ന 150 മീറ്റർ നീളമുള്ള ഒരു തീവണ്ടി 350 മീറ്റർ നീളമുള്ള ഒരു പാലം കടക്കാൻ എത്ര സമയം എടുക്കും?

(A) 40 s (B) 36 s
(C) 38 s (D) 48 s

87. മകളുടെ വയസ്സിന്റെ 3 മടങ്ങാണ് അമ്മയുടെ വയസ്സ്. അമ്മയുടെ വയസ്സ് 51 ആണെങ്കിൽ മകളുടെ വയസ്സെത്ര?

(A) 21 (B) 18
(C) 20 (D) 17

88. എത്ര $\frac{1}{8}$ ചേർന്നാലാണ് $\frac{1}{2}$ ആകുന്നത്?

(A) 1 (B) 2
(C) 3 (D) 4

89. രണ്ടു സംഖ്യകളുടെ ല.സാ.ഗു.വും ഉ.സാ.ഘ.യും യഥാക്രമം 144, 24 എന്നിവയാണ്. സംഖ്യകളിൽ ഒരെണ്ണം 72 ആയാൽ രണ്ടാമത്തെ സംഖ്യ ഏത്?

(A) 24 (B) 48
(C) 36 (D) 54

90. 38, 45, 207, 389 ഒറ്റയാനെ കണ്ടെത്തുക :

(A) 45 (B) 38
(C) 389 (D) 207

91. 6 മാങ്ങയുടെ വാങ്ങിയ വില 5 മാങ്ങയുടെ വിറ്റവിലയ്ക്ക് തുല്യമാണെങ്കിൽ ലാഭം എത്ര?


(A) 4 (B) 3
(C) 2 (D) 1

92. അഞ്ചു സംഖ്യകളുടെ ശരാശരി 41. 35 എന്ന പുതിയൊരു സംഖ്യകൂടി ആറാമതായി ചേർത്താൽ പുതിയ ശരാശരി എത്ര?

(A) 35 (B) 42
(C) 40 (D) 76

93. $485.012 \times 100 =$

(A) 4.85012 (B) 48.5012
(C) 48501.2 (D) 4850.12

94.  ..... ഈ ക്രമത്തിൽ തുടർന്നാൽ 5-ാമത്തെ ചിത്രത്തിൽ എത്ര വരകൾ കാണും?

(A) 7 (B) 16
(C) 15 (D) 13

95. A, B, C, D, E എന്നിങ്ങനെ 5 കുട്ടികൾ ഒരു വരിയിൽ നിൽക്കുന്നു. B യുടെയും D യുടെയും ഇടയിലാണ് A ഉള്ളത്. D യുടെയും E യുടെയും ഇടയിലാണ് C ഉള്ളത്. ഏറ്റവും അറ്റത്തുള്ള കുട്ടികൾ ആരെല്ലാമായിരിക്കും?

(A) BE (B) AE
(C) BD (D) DE

96. $\frac{15}{18} = \frac{?}{30}$ :

(A) 27 (B) 18
(C) 24 (D) 25

97. 5 കിലോ ഗോതമ്പിന് 91.50 രൂപ ആകുമെങ്കിൽ 183 രൂപയ്ക്ക് എത്ര കിലോ ഗോതമ്പ് കിട്ടും?

(A) 15 (B) 21
(C) 10 (D) 8

98. $5\,(21 - 7) + 7 \times 2 =$

(A) 96 (B) 108
(C) 144 (D) 84

99. 6 ആളുകൾ ഒരു ജോലി 10 ദിവസം കൊണ്ട് ചെയ്ത് തീർക്കുന്നു. എന്നാൽ ഒരാൾ ആ ജോലി എത്ര ദിവസം കൊണ്ട് ചെയ്ത് തീർക്കും?

(A) 40 (B) 30
(C) 60 (D) 50

100. $\frac{3}{13} \div \frac{4}{26} =$

(A) $\frac{3}{2}$ (B) $\frac{2}{3}$
(C) $\frac{12}{26}$ (D) $\frac{24}{26}$

**SPACE FOR ROUGH WORK**

SPACE FOR ROUGH WORK